

ഖുത്ബ

ശൈഖ് അലി മുഹ്‌യുദ്ദീൻ അൽഖുറദാഗി

# ഇസ്‌ലാം നീതിയുടെ മതം

**ഇസ്‌ലാം** നീതിയുടെയും സമാധാനത്തിന്റെയും മതമാണ്. ബഹുവർണങ്ങൾ സമ്മേളിക്കുന്ന ഒരു സമ്മിശ്ര സത്തയാണ് ഇസ്‌ലാം. പേർഷ്യക്കാരനായ സൽമാനുൽ ഫാരിസിയും ആഫ്രിക്കൻ വംശജനായ ബിലാൽ ഹബ്ശിയും റോമക്കാരനായ സുഹൈബും അറബിയായ അബൂബക്കറും ഒരേ കുടക്കീഴിൽ ഒരു തത്വസംഹിതയിൽ അണിചേരുന്ന ആവേശകരമായ അനുഭവമാണ് ഇസ്‌ലാം പകർന്നു നൽകുന്നത്. നീതിയിലും സമത്വത്തിലും ഊന്നിയ ഇസ്‌ലാമിക വിശ്വാസം ലോകത്തിന് മുമ്പിൽ വരച്ചിട്ട ചിത്രങ്ങൾ ഇന്നും ഏറെ ചർച്ച ചെയ്യപ്പെടുന്നവയാണ്. ഈജിപ്തിലെ ഗവർണറായിരുന്ന അംറുബ്നുൽ ആസിന്റെ മകൻ ഖിബ്തി വംശജനോട് അനീതി കാണിച്ചപ്പോൾ, തുല്യ നാണയത്തിൽ പ്രതികാരം ചെയ്യാൻ അനുമതി നൽകിയ ഖലീഫ ഉമറിന്റെ ചരിത്രം പുനർവായിക്കപ്പെടേണ്ടതാണ്. തനിക്കെതിരിൽ കള്ളാരോപണം നടത്തിയ ജൂതനോടൊപ്പം പ്രതിക്കൂട്ടിൽ കയറിനിന്ന ഇസ്‌ലാമിക ഭരണാധികാരി അലി(റ)യുടെ ചരിത്രം ഇസ്‌ലാമിക ഭരണകൂടങ്ങളടക്കം ഒരാവർത്തി കൂടി വായിച്ച് നോക്കണം.

സമൂഹത്തിൽ വ്യക്തിയുടെയോ സമുദായത്തിന്റെയോ വർണമോ വിശ്വാസമോ മുൻനിർത്തി വിധി പ്രഖ്യാപിക്കാൻ ഇസ്‌ലാം ഒരു കാലത്തും അനുവദിച്ചിട്ടില്ല. ഒരു സമൂഹത്തോടുള്ള നിന്റെ വെറുപ്പ് ആ സമൂഹത്തോട് അനീതി ചെയ്യാൻ നിന്നെ പ്രേരിപ്പിക്കാതിരിക്കട്ടെ എന്ന ഖുർആന്റെ ശാസന എത്ര ഗൗരവത്തോടെയാണ് ഇത്തരം കാര്യങ്ങളെ ഇസ്‌ലാം സമീപിക്കുന്നത് എന്ന് വ്യക്തമാക്കുന്നുണ്ട്. സമൂഹത്തിന്റെ ഗുണപരമായ വളർച്ചക്കും വികസനത്തിനും സാഹചര്യമുണ്ടാക്കണം. പരസ്പരം അംഗീകരിക്കുകയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു വിഭാഗം മറു വിഭാഗത്തെ അവഹേളിക്കുകയും നിന്ദിക്കുകയും ചെയ്യുന്നത് ഭിന്നത വർധിക്കാനും വിശ്വാസം നഷ്ടപ്പെടാനുമാണ് സഹായിക്കുക. സമൂഹമായാലും രാഷ്ട്രമായാലും അർഹമായ അവകാശം കിട്ടുന്നുവെന്ന തോന്നലുണ്ടായാൽ അവിടെ സമാധാനവും സന്തോഷവും കളിയാടുമെന്ന കാര്യത്തിൽ സംശയമില്ല. ലോകത്ത് ഇസ്‌ലാം വളർന്നത് വാളിന്റെ ബലം കൊണ്ടാണെന്ന അബദ്ധജഡിലമായൊരു വാദമുണ്ട്. യാഥാർഥ്യവുമായി ഒരു നിലക്കും യോജിക്കാത്ത വാദമാണിത്. നീതിയിൽ അധിഷ്ഠിതമായ പ്രത്യയശാസ്ത്രം ജനങ്ങൾ അംഗീകരിച്ചതിന്റെ ഫലമാണ് ഇസ്‌ലാമിന്റെ വളർച്ചയും വ്യാപനവും. നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്ന സമൂഹത്തിലെ ഉത്തമ സ്വഭാവക്കാരാണ് നിങ്ങൾ എന്ന ദൈവിക വചനമാണ് അവരെ മുൻപോട്ട് നയിക്കുന്നത്. ഈ വിശ്വാസം ഉയർത്തിപ്പിടിച്ച കാലത്തോളം അവർക്ക് പ്രതാപവും ഐശ്വര്യവും ഉണ്ടായിരുന്നു.

എന്നാൽ ഇന്ന് മുസ്‌ലിം സമുദായത്തെ മാത്രമായി വിശകലനം ചെയ്താൽ ഏറെയൊന്നും ശുഭകരമല്ല അവസ്ഥ. സമുദായം നേരിടുന്ന പ്രശ്നങ്ങളിൽ ഒരുമിച്ചിരുന്ന് ഐക്യത്തോടെ ശബ്ദിക്കാൻ അവർക്കാവുന്നില്ല. മുസ്‌ലിംകളുടെ പുണ്യഗേഹങ്ങളിലൊന്നായ മസ്ജിദുൽ അഖ്സയെ മോചിപ്പിക്കാൻ സ്വലാഹുദ്ദീൻ അയ്യൂബിക്ക് സാധിച്ചത് കടുത്ത പരീക്ഷണങ്ങൾ അതിജീവിച്ചതിന് ശേഷമാണ്. പക്ഷേ, ആധുനിക ലോകത്ത് അധിനിവേശം കൂടുതൽ ശക്തി പ്രാപിച്ചപ്പോൾ അതിനെ നേരിടാൻ കഴിയാതെ മുസ്‌ലിം ലോകം മിഴിച്ച് നിൽക്കുകയാണ്. അല്ലാഹുവിന്റെ മാത്രം പരമാധികാരം അംഗീകരിക്കേണ്ട മുസ്‌ലിംകൾ ഇന്ന് അധികാരങ്ങൾ പരസ്പരം വീതം വെച്ച് നൽകിയിരിക്കുകയാണ്. ഈ വിധേയത്വം മനസ്സിലാക്കിയ ഇസ്‌ലാമിന്റെ ശത്രുക്കൾ മുസ്‌ലിം രാഷ്ട്രങ്ങളെ തങ്ങളുടെ അടിമകളാക്കി കൊണ്ടിരിക്കുന്നു. ബ്രിട്ടൻ, ഇറ്റലി, ഫ്രാൻസ്, അമേരിക്ക തുടങ്ങിയ രാഷ്ട്ര

ങ്ങളുടെ താളത്തിനൊത്ത് തുള്ളുന്ന പാവകളായി അവർ മാറിയിരിക്കുന്നു. അല്ലാഹുവിനല്ലാതെ സാഷ്ടാംഗമർപ്പിക്കരുതെന്ന് കൽപിച്ച മതത്തിന്റെ അനുയായികൾ മറ്റുള്ളവർക്കു മുമ്പിൽ മുട്ടിലിഴയുന്ന കാഴ്ചയാണ് കാണുന്നത്. ഇസ്‌ലാമിക രാഷ്ട്രങ്ങൾക്കിടയിൽ ശക്തമായൊരു ഐക്യനിര കെട്ടിപ്പടുക്കാൻ കഴിയാത്തത് അവർ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി തന്നെയാണ്. ഒ.ഐ.സിയും ജി.സി.സിയുമൊക്കെ ഇക്കാര്യത്തിൽ ഉറച്ച തീരുമാനങ്ങളെടുക്കാൻ കഴിയാതെ നോക്കുകുത്തികളാവുകയാണ്. മുസ്‌ലിംകൾ സ്വന്തം കാലിൽ നിൽക്കാൻ പഠിക്കണം. മറ്റൊരാളുടെ മുമ്പിൽ ഓച്ഛാനിച്ച് നിൽക്കുന്ന അവസ്ഥ മുസ്‌ലിം സമൂഹം മാറ്റണം. അവരുടെ അജണ്ട തീരുമാനിക്കുന്നത് അവർ തന്നെയാകണം.

ഇസ്‌ലാമിൽ സ്വാതന്ത്ര്യത്തിന് വലിയ സ്ഥാനമാണ് ഉള്ളത്. ഓരോരുത്തർക്കും തങ്ങളുടെ വിശ്വാസം അനുസരിച്ച് ജീവിക്കാൻ അത് അവകാശം നൽകുന്നു. എന്നാൽ ഭിന്നിക്കുന്നതിനെതിരെ ശക്തമായി താക്കീത് ചെയ്യുന്നതും കാണാവുന്നതാണ്. 'നിങ്ങൾ ദൈവിക പാശം മുറുകെ പിടിക്കുക, ഭിന്നിക്കരുത്' എന്ന് ഖുർആൻ. 'ഭിന്നത സത്യനിഷേധമാണ്' എന്ന പ്രവാചക വചനവും ഏറെ ശ്രദ്ധേയമാണ്. മുസ്‌ലിംകൾ അവരുടെ വിശ്വാസം മുറുകെ പിടിച്ച് ഭിന്നിക്കാതെ ഐക്യത്തോടെ കഴിയണമെന്ന ഇസ്‌ലാമിക അധ്യാപനമാണ് ഈ സൂക്തത്തിലൂടെ ലഭിക്കുന്നത്.

ഇവിടെ പരാമർശിക്കേണ്ട മറ്റൊരു പ്രധാനപ്പെട്ട കാര്യം വെള്ളിയാഴ്ചയുടെ പ്രത്യേകതയെ സംബന്ധിച്ചാണ്. ഒരാഴ്ച മുതൽ അടുത്ത ആഴ്ച വരെയുള്ള ദിവസങ്ങളുടെ വിലയിരുത്തലാണ് ഈ ദിവസം നടക്കേണ്ടത്. ഒരാഴ്ചക്കുള്ളിൽ താൻ ചെയ്ത പ്രവർത്തനങ്ങളെ സംബന്ധിച്ച് വിചാരണ നടത്താൻ വിശ്വാസികൾ തയാറാകണം. ഓരോ ആഴ്ചയും ഈ രീതിയിൽ വിലയിരുത്തപ്പെടുമ്പോൾ നമ്മുടെ മനസ്സുകൾ ശുദ്ധമാവുകയും പ്രവർത്തനങ്ങളിൽ വന്ന് പോകുന്ന വീഴ്ചകൾ കണ്ടെത്തൽ എളുപ്പമാവുകയും ചെയ്യും. ഇക്കാര്യത്തിൽ ഉണ്ടാകുന്ന അശ്രദ്ധ നമ്മുടെ ഭാവി ജീവിതത്തെ മോശമായ രീതിയിൽ ബാധിക്കുമെന്ന് കൂടി അറിയണം. ■

(ദോഹയിലെ ആഇശ മസ്ജിൽ നടത്തിയ ഖുത്ബയുടെ സംഗ്രഹം.
തയാറാക്കിയത്: **റഹീം ഓമശ്ശേരി)**